LIBRARY ARCHIVES Kerala Legislative Assembly

തടവുകാർക്ക് നൽകുന്ന ഭക്ഷണം പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്താൻ നടപടി

30 [2460] *ശ്രീ. എ. കെ. ബാലൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജയിലുകളിൽ തടവുകാർക്ക് നൽകുന്ന ഭക്ഷണത്തിൽ വൻ അഴിമതി നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തടവുകാർക്ക് ഭക്ഷണം നൽകുന്നതിനുമുൻപ് ജയിലിലെ ഡോക്ടർമാർ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്ന ഭക്ഷണമല്ല തടവുകാർക്ക് നൽകുന്നതെന്നുള്ളതിനാൽ ജയിലധികൃതരുടെ ഇത്തരം നടപടികളെ സംബന്ധിച്ച് അന്വേഷണത്തിന് തയ്യാറാകുമോ?

ഉത്തരം

(എ) തടവുകാർക്ക് നൽകുന്ന ഭക്ഷണത്തിൽ അഴിമതി നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) തടവുകാർക്ക് നൽകുന്ന ഭക്ഷണം സെൻട്രൽ ജയിലുകളിൽ സൂപ്രണ്ടും മെഡിക്കൽ ഓഫീസറും ദിവസവും പരിശോധിച്ചശേഷമാണ് വിതരണം ചെയ്യുന്നത്. ഇതിനുപുറമേ ആഴ്ചയിൽ ഒരു ദിവസമെങ്കിലും ആഹാരം പാകം ചെയ്യുന്നതും ഭക്ഷണത്തിന്റെ അളവും മുന്നറിയിപ്പില്ലാതെ സൂപ്രണ്ടും മെഡിക്കൽ ഓഫീസറും പരിശോധിക്കാറുണ്ട്. മെഡിക്കൽ ഓഫീസറുടെ സ്ഥിരമായ സേവനം ലഭ്യമല്ലാത്ത ജയിലുകളിൽ ടി പരിശോധന സൂപ്രണ്ട് നടത്തുന്നുണ്ട്. മാത്രമല്ല, ദൈനംദിനാവശ്യങ്ങൾക്കുള്ള ഭക്ഷണസാധനങ്ങൾ പാചകത്തിനായി നൽകുന്നതും പാചകം ചെയ്യുന്നതും വിതരണം ചെയ്യുന്നതും തടവുകാരിൽനിന്നും അവർതന്നെ തെരഞ്ഞെടുത്ത വെൽഫയർ കമ്മിറ്റി അംഗങ്ങളുടെ നിരീക്ഷണത്തിനു വിധേയമായാണ്.

യു.ഡി.എഫ്. മന്ത്രിമാരുടെയും ഉയർന്ന സർക്കാർ ഉദ്യോഗസ്ഥന്മാരുടെയും പേരിലുള്ള കേസുകൾ

31 [2461] *ശ്രീ. പി. ജയരാജൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം ഉയർന്ന സർക്കാർ ഉദ്യോഗസ്ഥന്മാരുടെ പേരിൽ കേസുകൾ വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള കേസുകളുടെ വിശദാംശം എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) & (ബി) വിവരം ശേഖരിച്ചുവരുന്നു.